### ആഗോളവൽക്കരണം ജീവിതത്തെ നിർമിച്ചത് -2

# രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള ദൂരം

മുഹമ്മദ് ശമീം

**പടിഞ്ഞാറും** ആഫ്രിക്കയും തമ്മിലുള്ള ദൂരത്തെ ആവിഷ്കരിക്കാൻ അബ്ദുറഹ്മാൻ സിസ്സാക്കോ എന്ന ചലച്ചിത്രകാരൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. ഭൗതികവും മാനവികവും എന്ന് വ്യത്യസ്തമായ രണ്ട് ദർശനങ്ങൾ തമ്മിലുള്ള ദൂരമായും ഇത് വികസിക്കുന്നു. ആഫ്രിക്കൻ ജീവിതത്തിനു മേൽ ആധിപത്യം ചെലുത്താനുള്ള, പടിഞ്ഞാറിന്റെ ദുരയുടെ ശ്രമമാണല്ലോ ബമാക്കോയുടെ ഇതിവൃത്തം. 2002ൽ നിർമിച്ച Waiting for Happiness എന്ന സിസ്സാക്കോ ചിത്രത്തിന്റെയും പ്രമേയ പരിസരം ഈ മൂല്യവ്യവസ്ഥകളുടെ അകലം തന്നെയാകുന്നു.

യൂറോപ്പിലേക്കുള്ള യാത്രക്കായി കാത്തിരിക്കുന്ന അബ്ദുല്ല, മൗറീഷ്യൻ തീരത്തെ നോദിബൗവിൽ വെച്ച് അമ്മയെ കണ്ടെത്തുകയാണ്. അവിടെയവൻ കണ്ടുമുട്ടുന്ന കൊച്ചുപെൺകുട്ടിയിൽനിന്ന് പ്രാദേശിക ഭാഷയായ ഹസനിയ്യയും ഖുർആനിലെ പ്രാരംഭാധ്യായവും പഠിക്കുന്നതോടെ തന്റെ സാംസ്കാരികമായ വേരുകളെപ്പറ്റി തനിക്കുള്ള അജ്ഞത അവൻ തിരിച്ചറിയുന്നു. യൂറോപ്പിലേക്കുള്ള സഞ്ചാരത്തെക്കുറിച്ച അവന്റെ സ്വപ്നവും ഇതേ സ്വപ്നം പങ്കുവെക്കുന്ന മറ്റൊരു യുവാവും അവനെ വശീകരിക്കാൻ ശ്രമിക്കുന്ന യുവതിയും ഒരു ഭാഗത്തും, അമ്മ, മാതൃഭാഷ, അതു പഠിപ്പിക്കുന്ന കുട്ടി അവളിൽനിന്നു കേൾക്കുന്ന ഖുർആൻ എന്നിവ മറുഭാഗത്തും നിൽക്കുന്നു. പരമ്പരാഗതമായ മീൻപിടുത്തം ഉപേക്ഷിച്ച് ഇലക്ട്രീഷ്യനായി മാറിയ ഒരു കഥാപാത്രമുണ്ടിതിൽ. ആവശ്യമുള്ളപ്പോൾ അണഞ്ഞുപോകുന്ന വൈദ്യുത ബൾബാണ് 'വെയ്റ്റിംഗ് ഫോർ ഹാപ്പിനസ്സി'ൽ പടിഞ്ഞാറൻ നാഗരികതയുടെ പ്രതീകം. വ്യവസായവൽകൃത സമൂഹത്തിന്റെ പ്രധാന കണ്ടുപിടുത്തമായ വൈദ്യുതി മനുഷ്യനും രാപ്പകലുകളും തമ്മിലുള്ള ബന്ധത്തെ വരെ മാറ്റി മറിച്ചിട്ടുണ്ട്. ആരും കാണാനില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ടി.വി നോക്കി 'യഥാർഥത്തിലിവർക്ക് വൈദ്യുതി ആവശ്യമുണ്ടോ'യെന്ന് ഇലക്ട്രീഷൻ തന്നെ അമ്പരക്കുന്നുണ്ട്. അങ്ങനെ വികസനത്തിന്റെ മുൻഗണനാക്രമത്തെക്കുറിച്ച അന്വേഷണവുമാകുന്നു ഇത്.

സാമ്പത്തിക ആഗോളവൽക്കരണത്തിന്റെ അടയാളങ്ങൾ 'വെയ്റ്റിംഗ് ഫോർ ഹാപ്പിനസ്സി'ലും ഉടനീളമുണ്ട്. പുത്തൻ ഉൽപന്നങ്ങൾ വിൽക്കുന്ന ചൈനീസ് വഴിയോരക്കച്ചവടക്കാരനും കരോക്കെ സംഗീതവുമൊക്കെയായി 'ബമാക്കോ'യിലുമുണ്ട് ഒരു കണ്ണട വിൽപനക്കാരൻ. മറുവശത്ത് ദുരിതമയമായ ആഫ്രിക്കൻ ജീവിതവും. സത്യത്തിൽ മൂലധനകേന്ദ്രിത വികസനം ജീവിതത്തിനു സമ്മാനിക്കുന്നതെന്താണ്?

### ഘടനാപരമായ ക്രമീകരണത്തിനെതിരായ കുറ്റപത്രങ്ങൾ

പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരമാണ് 'ബമാക്കോ'യിൽ നാം കണ്ടെത്തുന്നത്. ആഫ്രിക്കൻ രാജ്യങ്ങളുടെ വികസനത്തിനു വേണ്ടിയാണോ വായ്പകൾ സ്വീകരിച്ചിരിക്കുന്നത്? കണക്കുകൾ മറിച്ചൊരു ചിത്രമാണ് നൽകുന്നത്. ചിത്രത്തിൽ കറുത്ത വർഗക്കാരിയായൊരു വക്കീൽ ആ കണക്കു പറയുന്നു. കെനിയയുടെ ദേശീയ ബജറ്റിൽ അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വികസനത്തിനായി നീക്കിവെച്ചത് 12.6 ശതമാനം മാത്രമാണെങ്കിൽ, വിദേശ കടം തീർക്കാനുള്ള (പലിശയൊടുക്കാനുള്ള) വിഹിതം 40 ശതമാനം ആണ്. സാംബിയയിൽ ഇത് യഥാക്രമം 6.7ഉം 40 ഉം ശതമാനം. കാമറൂണിൽ വികസനത്തിന് 4 ശതമാനം, കടം തീർക്കാൻ 36 ശതമാനം.

സാക്ഷിയായി ഹാജരായ എഴുത്തുകാരി 'തുറന്നലോകം' എന്ന പ്രയോഗത്തിലെ കാപട്യത്തെയും വിമർശിക്കുന്നു. ആഗോളവൽക്കരണം തുറന്നിട്ടിരിക്കുന്നത് വെള്ളക്കാർക്കു വേണ്ടിയുള്ള ഒരു ലോകമാണ്. അതൊരിക്കലും കറുത്തവർക്കു വേണ്ടിയുള്ളതല്ല. 'കരുണയുള്ളത്' എന്ന് തത്ത്വത്തിൽ അവകാശപ്പെട്ടാൽ പോലും ഈ സ്വകാര്യവൽകൃത ലോകത്ത് ലോക ബാങ്ക് അങ്ങേയറ്റം നിഷ്ഠുരമായിത്തീരുന്നുവെന്ന് വെള്ളക്കാരനായ ബാങ്കുവിരുദ്ധ വക്കീൽ ബൗർദൻ വിലയിരുത്തുന്നു. "ധനകാര്യ മൂലധനവാഴ്ച (Financial Capitalism) യുടെ ട്രോജൻ

കുതിരയെന്ന നിലയ്ക്ക് അതിങ്ങനെയാവാനേ പറ്റൂ. മൂലധനശക്തികൾ പ്രകടിപ്പിക്കുന്ന കരുണയും പ്രഖ്യാപിക്കുന്ന സഹായവും കപടമാണ്. വികസിത രാജ്യങ്ങളിൽപ്പോലും അഞ്ചുവയസ്സിൽ താഴെയുള്ള രണ്ടുലക്ഷത്തോളം കുഞ്ഞുങ്ങൾ രോഗബാധയിൽ മരിക്കുന്നതിൽ പാരീസിലെ ഒരു സെമിനാറിൽ വച്ച് മുതലക്കണ്ണീരൊഴുക്കിയ പോൾവോൾഫോവിറ്റ്സ് ലക്ഷക്കണക്കിനു കുഞ്ഞുങ്ങളെ കൊന്നുതള്ളിയ ഇറാഖ് ആക്രമണത്തിനു പിന്നിലെ മുഖ്യസൂത്രധാരനായിരുന്നു. ബൗർദൻ വാദിച്ചു. "ബാങ്കിംഗിന്റെ വായ്പ അക്രാമകവും അന്യായവുമായ സ്വഭാവവിശേഷങ്ങളുള്ളതാണ്." വാദിഭാഗത്തുള്ള കറുത്തവർഗക്കാരിയായ വക്കീൽ പറഞ്ഞു: "നമുക്കൊരിക്കലുമത് വീട്ടിത്തീർക്കാനാവില്ല. അത് നമ്മുടെ സാമ്പത്തിക വ്യവസ്ഥയെ തകർത്തു. നമ്മുടെ ശേഷികളെയും വിഭവങ്ങളെയും ഊറ്റിയെടുക്കുകയും ചെയ്തു."

മറ്റുചില വസ്തുതകൾ കൂടി അവർ നിരത്തുന്നുണ്ട്. സ്വകാര്യവൽക്കരണം കാര്യക്ഷമത കൂട്ടുമെന്ന് വാദിക്കപ്പെടാറുണ്ടല്ലോ. എന്നാൽ ആരോഗ്യരംഗത്തെ സ്വകാര്യവൽക്കരണത്തിനു ശേഷം 2005 ജൂണിനും സെപ്റ്റംബറിനുമിടയിൽ, എന്നോ നിർമാർജനം ചെയ്യപ്പെട്ട മധ്യകാല രോഗമായ കോളറ ബാധിച്ച് 42,000 പേർ മരണമടഞ്ഞു. വില വർധിച്ചതോടെ സാധാരണക്കാർക്ക് മരുന്നുകൾ വാങ്ങാൻ പറ്റാതായി. വിദ്യാഭ്യാസം സ്വകാര്യവൽക്കരിക്കപ്പെട്ടതോടെ നമ്മുടെ കുഞ്ഞുങ്ങളിൽ മൂന്നിൽ രണ്ട് നിരക്ഷരരായി. ഇപ്പോൾ ഗതാഗതവും ഊർജവും വാർത്താവിനിമയവും പോലും സ്വകാര്യവൽകരിക്കപ്പെടുന്നതോടെ പൊതു ഇടങ്ങൾ നഷ്ടപ്പെടുന്നു. രാഷ്ട്രത്തിന്റെ സ്വയം നിർണയാവകാശമില്ലാതാവുന്നു.

വെള്ളവും മറ്റ് സ്രോതസ്സുകളും പോലും അന്യാധീനമാവുന്നു. കറുത്ത വർഗക്കാരിയായ വക്കീൽ വിശദീകരിക്കുന്നു: "നമ്മുടെ നദികൾ... ജോലിബ, സെനെഗൽ, സാംബേസി, ലിംപോപോ.... എല്ലാം സ്വകാര്യസ്വത്തുക്കളായി. നമ്മുടെ കഥകളും ഇതിഹാസങ്ങളും പാരമ്പര്യവുമാണ് നമുക്ക് നഷ്ടപ്പെടുന്നത്. നമ്മുടെ സംസ്കാരത്തിന്റെ ശവസംസ്കാരമാണ് നടന്നുകൊണ്ടിരിക്കുന്നത്."

പേറ്റന്റ് നിയമങ്ങൾ പൗരന്റെ അടിസ്ഥാനാവകാശങ്ങളെപ്പോലും നഷ്ടപ്പെടുത്തി. സെഗെ ബാബംബയെന്ന കർഷകൻ ചോദിക്കുന്നു; "എന്തുകൊണ്ട് എന്നെ വിത്തുപാകാനനുവദിക്കുന്നില്ല? അഥവാ, വിത്തുപാകിയാൽ വിളവെടുക്കാൻ? വിളവെടുത്തെന്നിരിക്കട്ടെ, അത് ഭക്ഷിക്കാനെനിക്കെന്തുകൊണ്ടു പാടില്ല?"

നാൽപത്തഞ്ച് വർഷത്തോളമായി ഈ രാജ്യങ്ങളും (ജി 8) സ്ഥാപനങ്ങളു(ബാങ്കും നിധിയും)മായി തങ്ങൾ നിലനിർത്തുന്ന ബന്ധം തങ്ങളെ വികസനമുരടിപ്പിലാണെത്തിച്ചതെന്ന് പ്രഫസർ വാദിക്കുന്നു. പോഷകാഹാരക്കുറവ്, അനാരോഗ്യം, നിരക്ഷരത, തൊഴിൽരാഹിത്യം..... അന്തസ്സാർന്ന ജീവിതം തന്നെ അസാധ്യമാകുന്നു. ഭരണകൂടങ്ങൾ താറുമാറാകുന്നു. രാഷ്ട്രം തനിക്കൊന്നും തന്നില്ലെന്ന് മാദുകെയ്ത പറയുമ്പോൾ, മൂന്നിൽ രണ്ട് ലോകത്തുള്ള ജനാധിപത്യ സംവിധാനങ്ങളിൽ ഒരു പൗരൻ തനിക്ക് യാതൊരു പ്രയോജനവുമില്ലാത്ത ഒരു ഘടനയെയാണ് നിലനിർത്തേണ്ടി വരുന്നത്, അതിനു വേണ്ടിയാണ് വോട്ടുചെയ്യേണ്ടത് എന്ന അർഥമാണുള്ളത്.

### കമ്പോളത്തിന്റെ യുക്തിയും ധർമനീതിയും

രോഗിയായ ഒരാൾ 'ബമാക്കോ'യിലെ ഒരു പ്രധാന കഥാപാത്രമാണ്. വാദിഭാഗത്തുള്ള കറുത്ത വർഗക്കാരിയായ വക്കീൽ അയാളെപ്പറ്റി പറയുന്നുണ്ട്. ഉദാരീകരണം അവശ്യമരുന്നുകളെപ്പോലും സാധാരണക്കാർക്ക് അപ്രാപ്യമാക്കി. ഇതിനും കമ്പോളത്തിന് ന്യായമുണ്ട്. ഉൽപന്നം വാങ്ങാനും വാങ്ങാതിരിക്കാനും സ്വാതന്ത്ര്യമുണ്ടല്ലോ? എന്നാൽ, മരുന്നു വാങ്ങാതിരിക്കാനുള്ള സ്വാതന്ത്ര്യമെന്നാലെന്താണ്? ഒന്നുകിൽ കൂടിയ വിലയ്ക്ക് മരുന്നു വാങ്ങി കമ്പോളത്തിന്റെ ചൂഷണത്തിനിരയാവുക; അല്ലെങ്കിൽ മരിക്കുക. ഇതാണ് ഉപഭോക്താവിന്റെ സ്വാതന്ത്ര്യം.

കമ്പോളം അതിന്റെ ധർമനീതി സ്വയം തീരുമാനിക്കുകയാണ്. ക്രയശേഷിയുള്ളവന്റെ കൂടെ മാത്രമേ കമ്പോളം നിൽക്കൂ. അങ്ങനെയാണ് പാവപ്പെട്ടവരെ ഒഴിവാക്കിക്കൊണ്ടുള്ള വികസന മുൻഗണനാക്രമങ്ങൾ രൂപപ്പെടുന്നത്. സാധാരണക്കാരന്റെ അതിജീവനം രാഷ്ട്രത്തിന്റെ വികസനനയത്തിന്റെ ലക്ഷ്യമാവേണ്ടതാണ്. അതാണ് ജനകീയ വികസനം. നമ്മുടെ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ ജനകീയമെന്നാൽ ജനപക്ഷമെന്നല്ല, ജനപ്രിയം എന്നത്രേ അർഥം. ഈ ജനപ്രിയതക്കാധാരമായി വർത്തിക്കുന്ന അഭിനിവേശങ്ങളോ, മൂലധനത്തിന്റെ നിർമിതിയും. കമ്പോളം നിർമിക്കുന്ന വ്യാജ അഭിനിവേശങ്ങളിൽ ജനവികാരങ്ങളെ തളച്ചിട്ട്, ജനവിരുദ്ധമായ വികസനം നടപ്പാക്കാനാണ് ആഗോളീകൃത ഭരണകൂടങ്ങൾ ശ്രമിക്കുന്നത്.

ഈ അഭിനിവേശങ്ങളുടെ കുത്തൊഴുക്കിൽ പ്രാദേശിക സമ്പദ്‌വ്യവസ്ഥകളും നാട്ടുശീലങ്ങളും തകരുന്നു. ഈ മത്സരത്തിൽ അതിജീവനം അസാധ്യമാകുന്ന കർഷകരും പ്രാദേശിക സാമൂഹിക ഘടനയിലെ ഭക്ഷ്യോൽപാദകരും ഭൂമിയിൽനിന്ന് നിഷ്കാസിതരാകുന്നു. പല ഭക്ഷ്യവസ്തുക്കളും (നമ്മുടെ നാട്ടിലെ താള്, തകര, വാഴപ്പിണ്ടി, കാച്ചിൽ, കിഴങ്ങ് തുടങ്ങിയവ ഉദാഹരണം) കേവലം കളകളായി മാറി. ഭക്ഷണത്തിന് കമ്പോളത്തെ ആശ്രയിച്ചേ മതിയാവൂ എന്നുവന്നു. ഐ.എം.എഫ് വായ്പക്കായി ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതിനെതുടർന്നാണ് ഹെയ്തി ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തിയത്. മണ്ണു കുഴച്ച് ഉപ്പുചേർത്ത് എണ്ണയിൽ വറുത്ത് തിന്നേണ്ടി വന്നു അവർക്ക്.

അതിഭീകരമായ അസന്തുലിതത്വവുമുണ്ടായി. പ്രായപൂർത്തിയെത്തിയ രണ്ടുപേരും രണ്ട് കൗമാരക്കാരുമടങ്ങിയ ശരാശരി അമേരിക്കൻ കുടുംബം ഒരാഴ്ചത്തെ ഭക്ഷണത്തിന് ശരാശരി 341.98 ഡോളർ ചെലവാക്കുന്നു. ഇത് ജർമനിയിൽ 500ഉം ജപ്പാനിൽ 317.25ഉം ഡോളറാണ്. എന്നാൽ ഇക്വഡോറിൽ പ്രായപൂർത്തിയായ നാലുപേരും അഞ്ച് കൗമാരക്കാരുമടങ്ങുന്ന ശരാശരി കുടുംബത്തിന്റെ ഒരാഴ്ചത്തെ ഭക്ഷണച്ചെലവ് 31.55 ഡോളർ മാത്രം. ആഫ്രിക്കയിലെ ഛാഡിൽ യഥാക്രമം മൂന്നും മൂന്നും പേരടങ്ങുന്ന കുടുംബത്തിന്റെ ചെലവ് 1.23 ഡോളർ. ഭൂട്ടാനിൽ ശരാശരി കുടുംബം ഏഴ് മുതിർന്നവരും ആറ് കുട്ടികളുമാണ്. അവരുടെ ചെലവ്

5.03 ഡോളർ (ഇന്ത്യക്കാരും ചൈനക്കാരും തിന്നു മുടിച്ചിട്ടാണ് ഭക്ഷ്യ ദാരിദ്ര്യം ഉണ്ടായതെന്ന് ജോർജ് ബുഷും കോണ്ടലീസ റൈസും!).

**നിലനിൽപിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ അനിവാര്യത**

ഐ.എം.എഫും ലോകബാങ്കുമില്ലാത്ത ഒരു ലോകത്തെ സങ്കൽപിക്കാൻ പോലും സാധിക്കുമോ എന്ന് വക്കീൽ ചോദിച്ചപ്പോൾ പ്രഫസറുടെ ഉറച്ച മറുപടി, 'തീർച്ചയായും' എന്നായിരുന്നു. സാക്ഷിവിസ്താരത്തിൽ ആദ്യം അവസരം നിഷേധിക്കപ്പെട്ട വൃദ്ധൻ വാക്കുകളുടെ കരുത്തിനെപ്പറ്റി പറയുന്നുണ്ട്. ബാങ്കിനു വേണ്ടി സംസാരിച്ച വക്കീലിനോടുള്ള അലക്കുകാരി സ്ത്രീയുടെ കലഹം, വിധേയപ്പെടുന്ന ഔദ്യോഗിക സംവിധാനങ്ങൾക്കു നേരെയുള്ള പ്രതിഷേധമാണ്.

നാം എന്തു ചെയ്യണം എന്ന് ചിത്രത്തിലെ എഴുത്തുകാരി വിവരിക്കുന്നു: "എന്റെ ശബ്ദം കേവലം സബ്സിഡികൾക്കു വേണ്ടിയുള്ളതല്ല, മലിയെപ്പോലൊരു രാജ്യത്തിന്റെ ശരിയായ സാധ്യതകൾക്കു വേണ്ടിയുള്ളതാണ്. മലി അതിന്റെ താൽപര്യപ്രകാരം ഉൽപാദിപ്പിക്കുകയും അതിന്റെ നിലനിൽപിനായി സമ്പാദിക്കുകയും വേണം. ആഫ്രിക്കയെ ഒരുമിച്ച് മുന്നോട്ടു നയിക്കാനുള്ള കരുത്ത് നേടണം."

സാമ്രാജ്യ ശക്തികളുടെ മറ്റു ചില തന്ത്രങ്ങളും നാം കാണുന്നു. ബാങ്ക് വക്കീലായ വെള്ളക്കാരൻ റപ്പപോർട്, ഇപ്പോൾ ഇതൊന്നുമല്ല, മറിച്ച് ഭീകരവാദത്തിനെതിരെ പോരാടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് ചർച്ച ചെയ്യേണ്ടതെന്നു പറയുന്നു. ഇതു തന്നെയാണ് അമേരിക്കയുടെ ഭീകരവാദ വിരുദ്ധ യുദ്ധത്തിന്റെ രാഷ്ട്രീയം.

ആഗോളവൽക്കരണം ലോകത്ത് ദുരിതങ്ങൾ വിതയ്ക്കുന്നു. അതിന്റെ ഗുണവശങ്ങളെന്നു സങ്കൽപിച്ച് ചില കാര്യങ്ങളുയർത്തിക്കാട്ടി അതിനെതിരായ ശബ്ദങ്ങളെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങളെ നാം തിരിച്ചറിയേണ്ടതാണ്. ലോകത്തെമ്പാടുമുള്ള പോരാട്ടങ്ങളെ ഏകോപിപ്പിക്കാനുള്ള ചുവടുവെപ്പുകളും നടത്തേണ്ടതുണ്ട്. അതിനായി ചിന്താപരവും ദർശനപരവുമായ കരുത്ത് നേടിയെടുക്കുകയും. ■

(അവസാനിച്ചു)

*tpmshameem@gmail.com*